## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 653

02.11.2016- ൽ മറുപടിയ്ക്ക്

## സമൃദ്ധം സഹകരണം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ<br>" പി.കെ. ശശി<br>" ജെയിംസ് മാത്യു<br>" കെ.വി.അബ്ദുൾ ഖാദർ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് "സമൃദ്ധം സഹകരണം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് **"സമൃദ്ധം സഹകരണം"** പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച ആലോചനകൾ നടന്നുവരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) കേരളത്തിലെ ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന സഹകരണ പ്രസ്ഥാനത്തിന്റെ വ്യാപ്തി ഉൾക്കൊണ്ട് സഹകരണ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭാവനാപൂർണ്ണമായ ഒരു പദ്ധതിയാണ് **"സമൃദ്ധം സഹകരണം".** ഓരോ മാസവും ഓരോ പദ്ധതി എന്ന രീതിയിൽ 12 മാസം കൊണ്ട് 12 പദ്ധതികൾ എന്ന രീതിയിലാണ് **"സമൃദ്ധം സഹകരണം"** വിഭാവനം ചെയ്തിട്ടുള്ളത്. കൂടുതൽ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും ഉരുത്തിരിഞ്ഞു വരുന്നതേയുള്ളൂ. |
| സി) സഹകരണ മേഖലയുടെ സമഗ്ര വികസനത്തിന് പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം പ്രയോജനകരമാകുമെന്ന് വ്യക്തമാക്കുമോ? | (സി) സഹകരണ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും നൂതന പദ്ധതികളും കോർത്തിണക്കിയ സുസ്ഥിര വികസന പദ്ധതിയാണ് **"സമൃദ്ധം സഹകരണം"** പദ്ധതി. ഓരോ മാസവും ഏറ്റെടുത്ത് നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് സഹകാരികളെയും സഹകരണ സ്ഥാപനങ്ങളെയും ഓർമ്മപ്പെടുത്തിക്കൊണ്ടും ആയത് ഏറ്റെടുക്കാൻ പ്രാപ്തരാക്കിക്കൊണ്ടും സഹകരണ മേഖലയെ ഊർജ്ജസ്വലമാക്കാൻ ഈ പദ്ധതി വഴി കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ